പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.330 04.06.2018 ൽ മറുപടിക്ക്

## കോടഞ്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട കോടഞ്ചേരി, ചെറുവാടി എന്നിവിടങ്ങളിലെ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ആർദ്രം പദ്ധതിയിലൂടെ സി.എച്ച്.സി.കളുടെ പദവി ഉയർത്തി താലൂക്ക് ആശുപത്രികളാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും കൃത്യമായ ഇടപെടലുകളിലൂടെ പ്രദേശത്തിന്റെ പ്രത്യേകതയും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് കോടഞ്ചേരി, ചെറുവാടി എന്നീ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സേവനങ്ങൾ രോഗീസൗഹൃദമാക്കുന്നതിനും പ്രദേശത്താകെയുള്ള ജനവിഭാഗത്തിന്റെ ആരോഗ്യ സുരക്ഷയ്ക്ക് അനുകൂലമായ സ്ഥാപനം ആക്കി നിലനിർത്തുന്നതിനും ആർദ്രം പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2018-19 വർഷത്തിൽ ആർദ്രം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട സ്ഥാപനങ്ങളുടെ കരട് പട്ടികയിൽ കോടഞ്ചേരി സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>ചെറുവാടി സി.എച്ച്.സി.യിൽ പുതിയ കെട്ടിടം പൂർത്തിയായിട്ടുണ്ട്. ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്ന വിഷയം പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ എന്തുകൊണ്ടാണ് കിടത്തിചികിത്സ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കിടത്തിചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ